(എ) ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ ഒരു ദേശീയ സ്ഥാപനമായി വളർത്തിക്കൊണ വരുന്നതിന് പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ ഇതു നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്

(സി) പ്രകൃതിദുരന്തങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും, മുന്നറിയിപ്പു നൽക ന്നതിനും ഈ സ്ഥാപനത്തിൽ നിലവിൽ സംവിധാനമുണ്ടോ ;

(ഡി) ഈ സ്ഥാപനത്തെ വിപുലീകരിച്ച് സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ ഒരു വിജ്ഞാന കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ഗവേഷകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിനെ ദേശീയ നിലവാരമുള്ള സ്ഥാപനമായ ഉയർത്തുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്.

(ബി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പദ്ധതിയിനത്തിലും മറ്റു ബാഹ്യ ഏജൻസ കളുടെ ധനസഹായം വഴിയും ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ ഗവേഷണ സൗകര്യങ്ങ പരിപോഷിപ്പിക്കുന്നതിനും അതുവഴി കാലിക പ്രാധാന്യമുള്ള ഭൗമശാസ്ത്രപരമാ ഗവേഷണങ്ങൾ നടത്തുന്നതിനുള്ള നിരന്തരമായ ശ്രമങ്ങൾ കഴിഞ്ഞ രണ്ടു വർഷമായ നടന്നുവരുന്നുണ്ട്.

(സി) പ്രകൃതിദുരന്തങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനുള്ള സംവിധാന സെസ്സിൽ നിലവിലുണ്ട്. ഭൂചനലം, ഉരുൾപൊട്ടൽ, ഇടിമിന്നൽ എന്നിവയുടെ പ്രവചന സാദ്ധ്യത കുറവാണ്.

(ഡി) നടപടി സ്വീകരിക്കാവുന്നതാണ്.

(ഇ) സെസ്സിന്റെ ഗവേഷണ ആവശ്യങ്ങൾ പഠിച്ചതിനുശേഷം ആവശ്യമുള്ളപക്ഷ ഗവേഷകരെ നിയമിക്കുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

ക്യാൻസർ ബാധിച്ചവർക്ക് സൗജന്യ ചികിത്സാസഹായം നൽകാൻ നടപടി

23 [*290] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ പോലുള്ള മാരകരോഗങ്ങൾക്കുള്ള ചികിത്സ വളരെ ചെലവേറിയ സാഹചര്യത്തിൽ, ടി രോഗബാധിതർക്ക് സാമ്പത്തിക സഹായമോ സൗജന്യ ചികിത്സയോ നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) റേഡിയോളജി വിഭാഗം എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികളിലും ഉടൻ ആരം ഭിക്കുവാൻ വേണ്ട നടപടി കൈക്കൊള്ളുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ മേഖലയിൽ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നവർക്ക് പ്രോത്സാഹനമെന്ന നിലയിൽ അവാർഡോ, പാരിതോഷികമോ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയ്ക്കെത്തുന്നവരിൽ 46 ശതമാനത്തോളം രോഗികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സൗജന്യ ചികിൽസ നൽകി വരുന്നുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും ക്യാൻസറിന് സൗജന്യ ചികിൽസ നൽകുന്നുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരിൽ മാറാരോഗം ബാധിച്ചവർക്ക് ധനസഹായം നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ-ൽ നിന്നും ക്യാൻസർ ചികിൽസയ്ക്ക് പരമാവധി പതിനായിരം രൂപ വരെ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യവകുപ്പ് മന്ത്രിയുടെ ക്ഷേമ നിധിയിൽനിന്നും പാവപ്പെട്ടവർക്ക് ചികിൽസ സഹായം നൽകിവരുന്നുണ്ട്.

(ബി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല. ഇതിനായി ഭൗതിക സൗകര്യങ്ങളും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കമുള്ള ജീവനക്കാരെയും ലഭ്യമാക്കേണ്ടതുണ്ട്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വകുപ്പുമേധാവികളുടെ പേരിലുള്ള കേസുകൾ

1 [1516] ശ്രീമതി രാധാരാഘവൻ:

„ സി. പി. മുഹമ്മദ് :

„ ടി. എൻ. പ്രതാപൻ :

„ കെ. അച്ചുതൻ :

„ ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്ര ഗവൺമെന്റ് സെക്രട്ടറിമാരും വകുപ്പുമേലുദ്യോഗസ്ഥരും കൺടംപ്റ്റ് ഓഫ് കോർട്ട് കുറ്റത്തിന് ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും മുമ്പാകെ ഹാജരാകേണ്ടതായി വന്നിട്ടുണ്ട് ;

(ബി) അവർ ആരെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(സി) അവരുടെ മേൽ കുറ്റം കണ്ടെത്താനുള്ള സാഹചര്യമെന്താണ് ;

(ഡി) വകുപ്പദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും ഇത്തരം സാഹചര്യത്തിൽപെടാതിരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly